# CHARACTER SKETCHES

## Unit 1: Trials and Triumphs

### 1. The Old Man (A Very Old Man with Enormous Wings)

The old man is a mysterious and weak person found in the mud. He has very large, dirty wings like a buzzard. He is bald and has almost no teeth. People treat him badly, like a "circus animal," but he is extremely patient. He represents poor and weak people who are often ignored or teased. Even though he suffers, he never complains and finally regains his strength to fly away to freedom.

**Malayalam:** ചളിയിൽ വീണുകിടക്കുന്ന നിലയിൽ കാണപ്പെട്ട നിഗൂഢനും അവശനുമായ ഒരാളാണ് ഈ വൃദ്ധൻ. ഇയാൾക്ക് കഴുകന്റേതുപോലെയുള്ള വലിയ അഴുക്കുപിടിച്ച ചിറകുകളുണ്ട്. തലയിൽ മുടി കുറവായ ഇയാൾക്ക് പല്ലുകളും തീരെയില്ല. ആളുകൾ ഇയാളെ ഒരു സർക്കസ് മൃഗത്തെപ്പോലെ ക്രൂരമായിട്ടാണ് കാണുന്നത്, എങ്കിലും ഇയാൾ അങ്ങേയറ്റം ക്ഷമയുള്ളവനാണ്. അവഗണിക്കപ്പെടുന്ന പാവപ്പെട്ടവരെയും ദുർബലരെയുമാണ് ഇയാൾ പ്രതിനിധീകരിക്കുന്നത്. കഷ്ടപ്പാടുകൾ അനുഭവിച്ചിട്ടും പരാതിയില്ലാത്ത ഇയാൾ ഒടുവിൽ ആരോഗ്യം വീണ്ടെടുത്ത് സ്വാതന്ത്ര്യത്തിലേക്ക് പറന്നുപോകുന്നു.

### 2. Pelayo (A Very Old Man with Enormous Wings)

Pelayo is a simple and hardworking man who first finds the old man in his courtyard. At first, he is afraid, but he soon becomes practical and decides to keep the old man in a chicken coop. Along with his wife, he starts charging people money to see the "angel." This shows that he is more interested in making money than in the well-being of the mysterious guest. Through this exploitation, he becomes a wealthy man

**Malayalam:** തന്റെ മുറ്റത്ത് വൃദ്ധനെ ആദ്യമായി കാണുന്ന കഠിനാധ്വാനിയായ മനുഷ്യനാണ് പെലായോ. ആദ്യം ഭയപ്പെട്ടെങ്കിലും, പിന്നീട് അയാൾ പ്രായോഗികമായി ചിന്തിക്കുകയും വൃദ്ധനെ ഒരു കോഴിക്കൂട്ടിൽ അടയ്ക്കുകയും ചെയ്യുന്നു. തന്റെ ഭാര്യയോടൊപ്പം ചേർന്ന് 'മാലാഖയെ' കാണാൻ വരുന്നവരിൽ നിന്ന് അയാൾ പണം ഈടാക്കാൻ തുടങ്ങുന്നു. അതിഥിയുടെ സുഖത്തേക്കാൾ പണം സമ്പാദിക്കുന്നതിലാണ് അയാൾക്ക് താൽപ്പര്യമെന്ന് ഇത് കാണിക്കുന്നു. ഈ ചൂഷണത്തിലൂടെ അയാൾ ഒരു സമ്പന്നനാകുന്നു.

### 3. Elisenda (A Very Old Man with Enormous Wings)

Elisenda is Pelayo's wife and is shown as a very sharp and business-minded woman. It is her idea to charge money to see the old man, which makes the family very rich. She views the old

man not as a miracle, but as a source of income and later as a huge nuisance. When the old man finally flies away at the end, she feels a great sense of relief because her "annoyance" is finally gone.

പെലായോയുടെ ഭാര്യയായ എലിസെൻഡ ബുദ്ധിമതിയും ബിസിനസ്സ് താൽപ്പര്യമുള്ളവളുമായ ഒരു സ്ത്രീയാണ്. വൃദ്ധനെ കാണാൻ ഫീസ് ഈടാക്കാം എന്നുള്ളത് അവളുടെ ആശയമായിരുന്നു. അവൾ വൃദ്ധനെ ഒരു അത്ഭുതമായിട്ടല്ല, മറിച്ച് വരുമാനമാർഗ്ഗമായും പിന്നീട് ഒരു വലിയ ശല്യമായുമാണ് കാണുന്നത്. ഒടുവിൽ വൃദ്ധൻ പറന്നുപോകുമ്പോൾ, തന്റെ 'ശല്യം' ഒഴിഞ്ഞുപോയല്ലോ എന്നോർത്ത് അവൾ വലിയ ആശ്വാസം കൊള്ളുന്നു.

## 4. Wladyslaw Szpilman (In the Attic)

Szpilman is a Polish Jewish pianist who hides in an attic to survive the war. He is very brave and survives many years of cold and hunger. He is honest and feels deep thanks toward the German officer who helps him. His life shows that music and hope can help a person survive even the hardest times. By the end, he becomes a free man again and continues his work in music.

**Malayalam:** യുദ്ധത്തിൽ നിന്ന് രക്ഷപ്പെടാൻ മട്ടുപ്പാവിൽ ഒളിവിൽ കഴിഞ്ഞ പോളിഷ് ജൂത പിയാനിസ്റ്റാണ് സ്പിൽമാൻ. വർഷങ്ങളോളം തണുപ്പും പട്ടിണിയും സഹിച്ച ഇദ്ദേഹം വലിയ ധൈര്യശാലിയാണ്. തന്നെ സഹായിക്കുന്ന ജർമ്മൻ ഓഫീസറോട് ഇദ്ദേഹത്തിന് വലിയ നന്ദിയുണ്ട്. സംഗീതവും പ്രതീക്ഷയും ഉണ്ടെങ്കിൽ ഏറ്റവും പ്രയാസകരമായ സാഹചര്യങ്ങളെയും അതിജീവിക്കാമെന്ന് ഇദ്ദേഹത്തിന്റെ ജീവിതം കാണിക്കുന്നു. യുദ്ധം അവസാനിക്കുമ്പോൾ അദ്ദേഹം വീണ്ടും ഒരു സ്വതന്ത്രനായി മാറുന്നു.

## 5. Wilm Hosenfeld (German Officer)

Wilm Hosenfeld is a compassionate German officer who discovers Szpilman hiding in an attic . Unlike many others during the war, he is kind and "ashamed" of the cruel actions of his country. Instead of capturing Szpilman, he protects him by providing food, a warm eiderdown, and a military coat. He represents humanity and goodness that can exist even during a brutal war. He believes that surviving the "inferno" of war is God's will.

**Malayalam** : സ്പിൽമാൻ ഒരു മട്ടുപ്പാവിൽ ഒളിച്ചിരിക്കുന്നത് കണ്ടെത്തുന്ന കരുണയുള്ള ജർമ്മൻ ഉദ്യോഗസ്ഥനാണ് വിൽ◌ം ഹോസൻഫെൽഡ് . യുദ്ധകാലത്തെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമായി, തന്റെ രാജ്യത്തിന്റെ ക്രൂരമായ പ്രവർത്തികളിൽ അദ്ദേഹം "ലജ്ജിക്കുന്നു". സ്പിൽമാനെ പിടികൂടുന്നതിന് പകരം ഭക്ഷണം, പുതപ്പ്, ഒരു പട്ടാളക്കുപ്പായം എന്നിവ നൽകി അദ്ദേഹം സംരക്ഷിക്കുന്നു. ക്രൂരമായ ഒരു യുദ്ധത്തിനിടയിലും നിലനിൽക്കുന്ന മനുഷ്യത്വത്തിന്റെയും നന്മയുടെയും പ്രതീകമാണ് അദ്ദേഹം. യുദ്ധമെന്ന "നരകത്തിൽ" നിന്നുള്ള അതിജീവനം ദൈവഹിതമാണെന്ന് അദ്ദേഹം വിശ്വസിക്കുന്നു.

OXFORD

## 6. Mark Antony (Julius Caesar)

Mark Antony is a very loyal friend to Julius Caesar and a very clever speaker. After Caesar is killed, he gives a famous speech to the people of Rome. He uses simple but powerful words to make the crowd feel sad and angry. He keeps calling the killers "honourable men" in a sarcastic way to show that they are actually betrayers. By the end, he successfully turns the whole city against the murderers.

**Malayalam:** ജൂലിയസ് സീസറുടെ വിശ്വസ്തനായ സുഹൃത്തും തന്ത്രശാലിയായ പ്രസംഗകനുമാണ് മാർക്ക് ആന്റണി. സീസൺ കൊല്ലപ്പെട്ടതിനുശേഷം, അദ്ദേഹം ജനങ്ങളെ അഭിസംബോധന ചെയ്ത് പ്രസംഗിക്കുന്നു. ജനക്കൂട്ടത്തെ പ്രകോപിപ്പിക്കാൻ അദ്ദേഹം ശക്തമായ വാക്കുകൾ ഉപയോഗിക്കുന്നു. കൊലപാതകികൾ വഞ്ചകരാണെന്ന് കാണിക്കാൻ അദ്ദേഹം അവരെ പരിഹാസരൂപേണ 'മാന്യന്മാർ' എന്ന് വിളിക്കുന്നു. ഒടുവിൽ, സീസറെ കൊലപ്പെടുത്തിയവർക്കെതിരെ നഗരത്തെ തിരിക്കാൻ അദ്ദേഹത്തിന് കഴിയുന്നു.

## 7. Brutus (Julius Caesar)

Brutus is a complex character and a "bosom friend" of Julius Caesar. Although he loves Caesar, he leads the group of conspirators who assassinate him because he fears Caesar is too "ambitious". He believes he is acting for the good of Rome. In his funeral speech, Mark Antony repeatedly calls him an "honourable man," but he says this sarcastically to make the crowd realize that Brutus actually betrayed his friend.

**Malayalam (മലയാളം):** ജൂലിയസ് സീസറുടെ അടുത്ത സുഹൃത്തും അതേസമയം സങ്കീർണ്ണമായ സ്വഭാവമുള്ള ഒരു വ്യക്തിയുമാണ് ബ്രൂട്ടസ്. അദ്ദേഹം സീസറെ സ്നേഹിച്ചിരുന്നെങ്കിലും, സീസറുടെ "അമിതാഗ്രഹം" ഭയന്ന് അദ്ദേഹത്തെ കൊലപ്പെടുത്തിയ ഗൂഢാലോചന സംഘത്തിന് ബ്രൂട്ടസ് നേതൃത്വം നൽകി. റോമിന്റെ നന്മയ്ക്ക് വേണ്ടിയാണ് താൻ ഇത് ചെയ്തതെന്ന് അദ്ദേഹം വിശ്വസിക്കുന്നു. സീസറുടെ ശവസംസ്കാര പ്രസംഗത്തിൽ മാർക്ക് ആന്റണി ബ്രൂട്ടസിനെ ഒരു "മാന്യൻ" എന്ന് ആവർത്തിച്ച് വിളിക്കുന്നുണ്ടെങ്കിലും, ബ്രൂട്ടസ് തന്റെ സുഹൃത്തിനെ വഞ്ചിച്ചുവെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താൻ പരിഹാസരൂപേണയാണ് ആന്റണി ഇത് പറയുന്നത്.

---

## Unit 2: Paths to Progress

## 8. Srikanth Bolla (Breaking Barriers, I will Fly)

Srikanth Bolla is a blind man who became a successful businessman. When he was born, people called him a "burden," but his parents loved him. He is a very hard worker who fought against unfair rules to study science. He became the first blind international student at MIT. Instead of staying in America, he came back to India to start a company that gives jobs to other disabled people.

**Malayalam:** കാഴ്ചപരിമിതിയുള്ള ഒരു വലിയ ബിസിനസുകാരനാണ് ശ്രീകാന്ത് ബോല്ല. ജനിച്ചപ്പോൾ ലോകം അദ്ദേഹത്തെ ഒരു 'ഭാരം' എന്ന് വിളിച്ചെങ്കിലും മാതാപിതാക്കൾ അദ്ദേഹത്തെ സ്നേഹിച്ചു. സയൻസ് പഠിക്കാൻ അദ്ദേഹം നിയമപോരാട്ടം നടത്തുകയും കഠിനാധ്വാനത്തിലൂടെ വിജയിക്കുകയും ചെയ്തു. അമേരിക്കയിലെ MIT-യിൽ പഠിച്ച ആദ്യത്തെ വിദേശ അന്ധവിദ്യാർത്ഥിയായി അദ്ദേഹം മാറി. പിന്നീട് ഇന്ത്യയിലേക്ക് മടങ്ങിയെത്തിയ അദ്ദേഹം ഭിന്നശേഷിക്കാർക്ക് ജോലി നൽകുന്നതിനായി ഒരു കമ്പനി സ്ഥാപിച്ചു.

**9. Bablu Kewat (A Phoenix Rises)**

Bablu Kewat, also known as Muruganantham, is a simple welder who wanted to help women. He worked for years to make a cheap pad-making machine, even when his village and family left him. He is very kind and values helping others more than making money. He is a hero who changed women's health in India through his perseverance.

**Malayalam:** സ്ത്രീകളെ സഹായിക്കാൻ ആഗ്രഹിച്ച ഒരു ലളിതമായ വെൽഡറാണ് ബബ്ലു കേവത് അഥവാ മുരുകാനന്ദം. കുടുംബവും നാടും അദ്ദേഹത്തെ ഉപേക്ഷിച്ചിട്ടും വർഷങ്ങളോളം കഷ്ടപ്പെട്ട് അദ്ദേഹം കുറഞ്ഞ ചിലവിൽ പാഡുകൾ ഉണ്ടാക്കുന്ന യന്ത്രം നിർമ്മിച്ചു. പണമുണ്ടാക്കുന്നതിനേക്കാൾ മറ്റുള്ളവരെ സഹായിക്കുന്നതിനാണ് അദ്ദേഹം പ്രാധാന്യം നൽകിയത്. ഇന്ത്യയിലെ സ്ത്രീകളുടെ ആരോഗ്യം മെച്ചപ്പെടുത്തിയ ഒരു വലിയ മനുഷ്യനാണദ്ദേഹം.

**10. Gowri (A Phoenix Rises)**

Gowri is the wife of the social entrepreneur Bablu Kewat (Arunachalam Muruganantham). She is a simple woman who represents the many poor women struggling with health and hygiene. Her husband's mission begins when he sees her using "dirty rags" instead of sanitary napkins because she cannot afford them. Initially, she is not happy with his experiments because she worries about the family's limited money . Due to the social shame caused by his obsession, she eventually leaves him, only to return once his success is recognized.

**Malayalam:** സാമൂഹിക സംരംഭകനായ ബബ്ലു കേവതിന്റെ (അരുണാചലം മുരുകാനന്ദം) ഭാര്യയാണ് ഗൗരി. ആരോഗ്യവും ശുചിത്വവുമായി ബന്ധപ്പെട്ട് ബുദ്ധിമുട്ടുന്ന നിരവധി പാവപ്പെട്ട സ്ത്രീകളുടെ പ്രതിനിധിയാണവർ. വാങ്ങാൻ പണമില്ലാത്തതിനാൽ സാനിറ്ററി നാപ്കിനുകൾക്ക് പകരം ഗൗരി

"അഴുക്കുപിടിച്ച തുണികൾ" ഉപയോഗിക്കുന്നത് കണ്ടപ്പോഴാണ് അവളുടെ ഭർത്താവ് തന്റെ ദൗത്യം ആരംഭിക്കുന്നത്. കുടുംബത്തിലെ പരിമിതമായ പണത്തെക്കുറിച്ച് ആശങ്കയുള്ളതിനാൽ തുടക്കത്തിൽ അദ്ദേഹത്തിന്റെ പരീക്ഷണങ്ങളിൽ അവൾ സംതൃപ്തയായിരുന്നില്ല . അദ്ദേഹത്തിന്റെ ലക്ഷ്യത്തോടുള്ള അമിതമായ താൽപ്പര്യം കാരണം ഉണ്ടായ സാമൂഹിക അപമാനം മൂലം അവൾ അദ്ദേഹത്തെ ഉപേക്ഷിച്ചു പോയെങ്കിലും, അദ്ദേഹത്തിന്റെ വിജയം അംഗീകരിക്കപ്പെട്ടപ്പോൾ അവൾ തിരിച്ചെത്തുന്നു.

---

## Unit 3: The Trumpets of Change

### 11. The Stout Man (War)

The stout man is a father whose only son died in the war. In the beginning, he acts very strong and says that children should die happily for their country. However, when a lady asks if his son is "really dead," he realizes the pain of his loss. He breaks down and cries loudly, showing that a parent's love is deeper than any political words.

**Malayalam:** യുദ്ധത്തിൽ തന്റെ ഏകമകനെ നഷ്ടപ്പെട്ട ഒരു പിതാവാണ് ഈ തടിച്ച മനുഷ്യൻ. തുടക്കത്തിൽ അദ്ദേഹം വളരെ കരുത്തനാണ് എന്ന് ഭാവിക്കുകയും മക്കൾ രാജ്യത്തിന് വേണ്ടി മരിക്കുന്നത് അഭിമാനമാണെന്ന് പറയുകയും ചെയ്യുന്നു. എന്നാൽ തന്റെ മകൻ ശരിക്കും മരിച്ചോ എന്ന് ഒരാൾ ചോദിക്കുമ്പോൾ, തന്റെ നഷ്ടം അദ്ദേഹം തിരിച്ചറിയുന്നു. ഒടുവിൽ അദ്ദേഹം പൊട്ടിക്കരയുന്നത് മാതാപിതാക്കളുടെ സ്നേഹം എത്രത്തോളമുണ്ടെന്ന് നമുക്ക് കാണിച്ചുതരുന്നു.

### 12. The Woman (The Mother in "War")

The woman is a mother who is deeply heartbroken because her only son is being sent to war. She is described as being "bundled" in a heavy coat and appears almost like a shapeless bundle of grief. She remains silent and motionless for a long time, trapped in her own pain. She listens to the other passengers argue about whose sacrifice is greater, but she cannot understand how a parent could ever be happy about their child's death. Her sudden question about whether a son is "really dead" breaks the stoic atmosphere of the carriage and forces the other passengers to face the harsh reality of loss.

**Malayalam :** തന്റെ ഏകമകൻ യുദ്ധത്തിന് പോകുന്നതിൽ അതീവ ദുഃഖിതയായ ഒരു അമ്മയാണ് ഈ കഥാപാത്രം. കനത്ത കോട്ടിനുള്ളിൽ പുതഞ്ഞു ഇരിക്കുന്ന അവർ ദുഃഖത്തിന്റെ ഒരു ഭാണ്ഡം പോലെയാണ് കാണപ്പെടുന്നത്. സ്വന്തം വേദനയിൽ തളർന്ന്, ഏറെ നേരം അവർ നിശബ്ദയായും നിശ്ചലയായും ഇരിക്കുന്നു. ആരുടെ ത്യാഗമാണ് വലുതെന്ന സഹയാത്രികരുടെ തർക്കം അവർ

കേൾക്കുന്നുണ്ടെങ്കിലും, ഒരു മകന്റെ മരണത്തിൽ മാതാപിതാക്കൾക്ക് എങ്ങനെ സന്തോഷിക്കാൻ കഴിയുമെന്ന് അവർക്ക് മനസ്സിലാകുന്നില്ല. ഒരു മകൻ "ശരിക്കും മരിച്ചോ" എന്ന അവരുടെ പെട്ടെന്നുള്ള ചോദ്യം തീവണ്ടി മുറിയിലെ ഗൗരവകരമായ അന്തരീക്ഷത്തെ തകർക്കുകയും, നഷ്ടത്തിന്റെ കയ്പേറിയ യാഥാർത്ഥ്യം മനസ്സിലാക്കാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

## 13. Hauchecome (A Piece of String)

Hauchecome is a simple and honest farmer. One day, he picks up a piece of string from the ground, but people think he stole a lost wallet. Even though he is innocent, nobody believes him, and they laugh at him. This makes him very sad and sick. He spends his whole life trying to prove his honesty and dies still saying that he only picked up a piece of string.

**Malayalam**: സത്യസന്ധനായ ഒരു കർഷകനാണ് ഹോഷ്കോം. വഴിയിൽ നിന്ന് ഒരു നൂൽക്കഷ്ണം എടുത്ത ഇദ്ദേഹം മോഷണക്കുറ്റം ആരോപിക്കപ്പെട്ടു. താൻ നിരപരാധിയാണെന്ന് പറഞ്ഞിട്ടും ആരും വിശ്വസിച്ചില്ലെന്ന് മാത്രമല്ല എല്ലാവരും അദ്ദേഹത്തെ പരിഹസിക്കുകയും ചെയ്തു. ഇത് അദ്ദേഹത്തെ മാനസികമായി തളർത്തി. തന്റെ സത്യസന്ധത തെളിയിക്കാൻ അദ്ദേഹം ആയുസ്സ് മുഴുവൻ ശ്രമിച്ചു. മരിക്കുന്ന നിമിഷത്തിലും താൻ എടുത്തത് ഒരു നൂൽക്കഷണമാണെന്ന് അദ്ദേഹം പറഞ്ഞുകൊണ്ടേയിരുന്നു.

## 14. Malandain (A Piece of String)

Malandain is a harness-maker and the enemy of Master Hauchecome. He is a mean person. When he sees Hauchecome picking up a string, he tells a big lie to the Mayor. He claims that he saw Hauchecome picking up a lost wallet. He does this just to get revenge. His one lie destroys a man's life and reputation.

**Malayalam:** ഹോഷ്കോമിന്റെ ശത്രുവാണ് മാലണ്ടെൻ. അയാൾ വളരെ ക്രൂരനാണ്. ഹോഷ്കോം വഴിയിൽ നിന്ന് ഒരു നൂൽക്കഷ്ണം എടുക്കുന്നത് കണ്ടപ്പോൾ, അയാൾ മേയറോട് കള്ളം പറയുന്നു. പണം നിറഞ്ഞ ഒരു പഴ്സ് ഹോഷ്കോം എടുക്കുന്നത് താൻ കണ്ടു എന്നാണ് അയാൾ അവകാശപ്പെടുന്നത്. പ്രതികാരം ചെയ്യാനാണ് അയാൾ ഇത് ചെയ്യുന്നത്. അയാളുടെ ആ ഒരു കള്ളം ഒരു മനുഷ്യന്റെ ജീവിതം തകർക്കുന്നു.

# Unit IV: Woodland Whispers

## 15. King Dushyanta (Shakuntalam)

A noble and powerful monarch, Dushyanta is initially depicted as a passionate hunter. However, he demonstrates great humility and respect for spiritual authority when he immediately halts his hunt upon the request of the hermits. He is portrayed as a "shining

example of kings" who uses his weapons to protect the broken-hearted rather than strike the innocent.

**Malayalam:** ഉന്നതനും ശക്തനുമായ ഒരു ഭരണാധികാരിയാണ് ദുഷ്യന്തൻ മഹാരാജാവ്. തുടക്കത്തിൽ ഒരു പുള്ളിമാനിനെ പിന്തുടരുന്ന ആവേശഭരിതനായ വേട്ടക്കാരനായാണ് അദ്ദേഹത്തെ ചിത്രീകരിച്ചിരിക്കുന്നത്. എന്നിരുന്നാലും, തപസ്വികളുടെ അഭ്യർത്ഥനപ്രകാരം വേട്ടയാടൽ ഉടൻ നിർത്തിവെക്കുന്നതിലൂടെ അദ്ദേഹം വലിയ വിനയവും ആത്മീയ അധികാരത്തോടുള്ള ബഹുമാനവും പ്രകടിപ്പിക്കുന്നു. നിരപരാധികളെ പ്രഹരിക്കാനല്ല, മറിച്ച് ഹൃദയം തകർന്നവരെ രക്ഷിക്കാനാണ് തന്റെ ആയുധങ്ങൾ ഉപയോഗിക്കേണ്ടതെന്ന് വിശ്വസിക്കുന്ന അദ്ദേഹം "രാജാക്കന്മാർക്ക് ഒരു തിളക്കമാർന്ന മാതൃക"യായി ചിത്രീകരിക്കപ്പെടുന്നു.

### 16. Shakuntala (Shakuntalam)

The foster child of Sage Kanva, Shakuntala is the personification of innocence and harmony with nature. She treats the trees and animals of the hermitage with sisterly affection, even feeling that the mango tree communicates with her using its branches like fingers. Described as "delicate as a jasmine blossom," she is a nurturing guardian of the grove.

**Malayalam:** കണ്വമഹർഷിയുടെ വളർത്തുപുത്രിയായ ശകുന്തള, പ്രകൃതിയോടുള്ള ഇണക്കത്തിന്റെയും നിഷ്കളങ്കതയുടെയും പ്രതീകമാണ്. ആശ്രമത്തിലെ മരങ്ങളെയും മൃഗങ്ങളെയും സഹോദരതുല്യമായ സ്നേഹത്തോടെയാണ് അവൾ പരിഗണിക്കുന്നത്; കാറ്റത്താടുന്ന മാവിൻ്റെ കൊമ്പുകൾ വിരലുകൾ പോലെ തന്നോട് എന്തോ സംസാരിക്കാൻ ശ്രമിക്കുന്നതായി പോലും അവൾക്ക് തോന്നുന്നു. "മുല്ലപ്പൂവ് പോലെ ലോലമായവൾ" എന്ന് വിശേഷിപ്പിക്കപ്പെടുന്ന അവൾ ആ വനപ്രദേശത്തിന്റെ പരിപാലകയും സംരക്ഷകയുമാണ്.

---

## Unit V: Songs of the Self

### 17. Teresa (Beloved Boles)

A tall Polish woman with a "bass voice" and "muscular vigour," Teresa initially appears coarse and intimidating to the narrator. Beneath her rough exterior lies a soul of profound loneliness; she creates an imaginary lover named Boles to cope with her isolation. Her character represents the universal human hunger for connection and "sweet things" in a bitter life.

**Malayalam:** "ഘനഗംഭീരമായ ശബ്ദമുള്ള," ഉയരമുള്ള, ശാരീരികമായി കരുത്തുറ്റ പോളിഷ് വംശജയായ സ്ത്രീയാണ് തെരേസ. തുടക്കത്തിൽ ആഖ്യാതാവിന് അവളോട് ഭയവും വെറുപ്പുമാണ് തോന്നുന്നത്. എന്നാൽ അവളുടെ പരുക്കൻ സ്വഭാവത്തിന് പിന്നിൽ ആഴത്തിലുള്ള ഏകാന്തതയുണ്ട്; തന്റെ ഒറ്റപ്പെടൽ മറികടക്കാൻ അവൾ 'ബോൾസ്' എന്ന പേരിൽ ഒരു സാങ്കൽപ്പിക കാമുകനെയും ഒരു സാങ്കൽപ്പിക ബന്ധവും സൃഷ്ടിക്കുന്നു. കയ്പേറിയ ജീവിതത്തിനിടയിലും സ്നേഹബന്ധങ്ങൾക്കും ജീവിതത്തിലെ "മധുരമായ കാര്യങ്ങൾക്കും" വേണ്ടിയുള്ള മനുഷ്യൻ്റെ വിശപ്പിനെയാണ് അവളുടെ കഥാപാത്രം പ്രതിനിധീകരിക്കുന്നത്.

**18. "Mr. Student" / The Narrator (Beloved Boles)**

A student in Moscow who initially judges Teresa based on her appearance, keeping his door locked out of fear. Though initially dismissive of Teresa's requests, he undergoes a moral transformation. Upon realizing the depth of her loneliness, he feels "ashamed" and begins to show empathy by writing the imaginary letters to sustain her.

**Malayalam**: മോസ്കോയിലെ ഒരു വിദ്യാർത്ഥിയായ ആഖ്യാതാവ്, തെരേസയുടെ ബാഹ്യരൂപം കണ്ട് അവളെ വിലയിരുത്തുകയും ഭയം കാരണം വാതിൽ എപ്പോഴും പൂട്ടിയിടുകയും ചെയ്യുന്നു. തെരേസയുടെ "കള്ളങ്ങൾ" കണ്ടെത്തുമ്പോൾ ആദ്യം ദേഷ്യപ്പെടുകയും അവഗണിക്കുകയും ചെയ്യുന്നുണ്ടെങ്കിലും, പിന്നീട് അയാളിൽ ഒരു സ്വഭാവമാറ്റം ഉണ്ടാകുന്നു. അവളുടെ ഏകാന്തത തിരിച്ചറിയുമ്പോൾ അയാൾക്ക് "ലജ്ജ" തോന്നുകയും, അവളെ സഹായിക്കാനായി പതിവായി സാങ്കൽപ്പിക കത്തുകൾ എഴുതിക്കൊടുത്ത് സഹാനുഭൂതി പ്രകടിപ്പിക്കുകയും ചെയ്യുന്നു.

**19. The Narrator (Préférence Nationale)**

An intelligent, highly qualified Senegalese woman living in France, she faces systemic racism and the "preference nationale" policy. Despite holding a degree, she is denied employment as a salesgirl or tutor because of her race. She is characterized by her dignity and resilience, using sharp wit to challenge the hypocrisy of those who discriminate against her.

ഫ്രാൻസിൽ താമസിക്കുന്ന ബുദ്ധിമതിയും ഉന്നത വിദ്യാഭ്യാസവുമുള്ള സെനഗലീസ് വംശജയായ സ്ത്രീയാണ് ആഖ്യാതാവ്. അവിടെ അവർക്ക് വംശീയ അധിക്ഷേപങ്ങളും "പ്രെഫറൻസ് നാഷണൽ" (സ്വദേശികൾക്ക് മുൻഗണന) എന്ന നയവും നേരിടേണ്ടി വുന്നു. ബിരുദമുണ്ടായിട്ടും തന്റെ നിറത്തിന്റെയും വംശത്തിന്റെയും പേരിൽ അവർക്ക് സെയിൽസ് ഗേൾ ആയോ ട്യൂട്ടർ ആയോ ജോലി നിഷേധിക്കപ്പെടുന്നു. ആത്മഗൗരവവും തളരാത്ത മനസ്സുമുള്ള അവർ, തന്നെ വിവേചനത്തോടെ കാണുന്നവരുടെ കാപട്യത്തെ മൂർച്ചയുള്ള പരിഹാസത്തിലൂടെ നേരിടുന്നു.